**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3102** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി ടൂറിസം വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം വികസനത്തിനായി സംസ്ഥാനത്തെ ബീച്ചുകളെയും തുറമുഖ നഗരങ്ങളെയും കൂട്ടിയിണക്കി വകുപ്പ് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ബീച്ചുകളെയും തുറമുഖങ്ങളെയും കൂട്ടിയിണക്കിയിട്ടുള്ള ടൂറിസം പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി പ്രദേശങ്ങളിലെ പോർച്ചുഗീസ്-ഡച്ച്-ബ്രിട്ടീഷ് കാല നിർമ്മിതികളുടെ സംരക്ഷണത്തിലൂടെ ടൂറിസം വികസനം ഉറപ്പാക്കുന്നതിന് എന്തെല്ലാം തുടർനവീകരണ പ്രവർത്തനങ്ങൾ നടത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി പ്രദേശങ്ങളിലെ പോർച്ചുഗീസ്-ഡച്ച്-ബ്രിട്ടീഷ് കാല നിർമ്മിതികളുടെ തുടർ നവീകരണവുമായി ബന്ധപ്പെട്ട വിവിധ വകുപ്പ് തല ഉദ്യോഗസ്ഥരുടെയും, ജില്ലാ കളക്ടറുടെയും ഏകോപന സമിതി യോഗം ടൂറിസം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 11/10/2021 തീയതിയിൽ ചേരുകയും പദ്ധതികൾ പൂർത്തീകരിക്കുന്ന തിനായുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രദേശങ്ങളിലെ ചീനവല സംരക്ഷിക്കാനും ആയതിന് നിയോഗിക്കപ്പെട്ട കിറ്റ്കോയുടെ പ്രവർത്തനം കാര്യക്ഷമവും സമയബന്ധിതവുമായി നടപ്പാക്കാനും കൊച്ചിയിലെ ബീച്ചുകളുടെ ശുചിത്വവും സംരക്ഷണവും ഉറപ്പുവരുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (സി) | 11.10.2021 ലെ യോഗത്തിൽ 2021 ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ ഉണ്ടാകുന്നതാണെന്ന് കിറ്റ്കോ ഉറപ്പ് നൽകിയിട്ടുണ്ട്. വനം വകുപ്പിൽ നിന്നുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുന്നതാണെന്ന് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ